പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 344 — 07-01-2014-ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്.സലീഖ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ നാളിതുവരെ എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്; | (എ) 2013 സെപ്റ്റംബർ 30 വരെയുള്ള ത്രൈമാസ കുടിശ്ശിക കണക്കനുസരിച്ച് 1405.83 കോടി രൂപ വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശികയായുണ്ട്. |
| (ബി) അവയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി പോലുള്ള സ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ/ഫാക്ടറികൾ, സ്വകാര്യമെഡിക്കൽ കോളേജുകൾ,സ്വകാര്യഹോട്ടലുകളും റിസോർട്ടുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, രാഷ്ട്രീയപാർട്ടിഓഫീസുകൾ, മത സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾഎത്ര തുകയുടെ കുടിശ്ശിക വരുത്തിയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) ഇതിൽ കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 669.65 കോടി രൂപയും, കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്നായി 112.46 കോടി രൂപയും വാട്ടർ അതോറിറ്റിയിൽ നിന്നും 475.76 കോടി രൂപയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 5.46 കോടി രൂപയും കുടിശ്ശികയായുണ്ട്. സ്വകാര്യ ഹോട്ടലുകളും, റിസോർട്ടുകളും, മെഡിക്കൽ കോളേജുകളും, രാഷ്ട്രീയ പാർട്ടി ഓഫീസുകളും, മതസ്ഥാപനങ്ങളും ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ നിന്നും 582.44 കോടി രൂപ കുടിശ്ശികയായുണ്ട്. |
| (സി) ഇവ പിരിച്ചെടുക്കാൻ വൈദ്യുതി ബോർഡ് എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ; | (സി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വൈദ്യുതി ബന്ധം വിച്ഛേദിക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ, തവണ വ്യവസ്ഥ അനുവദിക്കൽ, റവന്യൂ റിക്കവറി |

നടപടികൾ ത്വരിതപ്പെടുത്തൽ തുടങ്ങിയ നടപടികളാണ് സ്വീകിരിച്ചിട്ടുള്ളത്.

| | |
|---|---|
| (ഡി) നടപ്പു വർഷം എത്ര കോടി യുടെ കമ്മിയാണ് വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷ ൻ മുമ്പാകെ അവതരിപ്പിച്ചത്; ഇതിന് കാണിച്ച കാരണങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (ഡി) 2013-14 വർഷത്തേയ്ക്ക് 2758.67 കോടി രൂപയുടെ വരുമാന കമ്മിയാണ് ബോർഡിന്റെ 03.01.2013 ലെ ARR & FRC പെറ്റിഷനിലൂടെ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചത്. എന്നാൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ 30.04.2013 ലെ ഉത്തരവിലൂടെ ബോർഡിന്റെ വരുമാനകമ്മി 1049.91 കോടി രൂപയായി പുനർനിർണ്ണയിക്കുകയുണ്ടായി. വൈദ്യുതി ബോർഡ് സമർപ്പിച്ചതും കമ്മീഷൻ അംഗീകരിച്ചതുമായ വരവുചെലവു കണക്കുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ഇ) കുടിശ്ശിക പിരിച്ചെടുക്കാതെ റഗുലേറ്ററി കമ്മിഷന് മുൻപിൽ നിരക്ക് വർദ്ധനയ്ക്കായി കെ.എസ്.ഇ.ബി സമർപ്പിച്ച രേഖകൾ എന്തെല്ലാമാണ് ; വിശദാംശം വ്യക്തമാക്കുമോ? | (ഇ ) വൈദ്യുതി ബോർഡിന്റെ നിലവിലുള്ള അക്കൗണ്ടിംഗ് രീതി പ്രകാരം ഒരു ഉപഭോക്താവിന് കറന്റ് ചാർജ്ജിന്റെ ബില്ല് നൽകുമ്പോൾ തന്നെ ടി ബിൽ തുക മുഴുവനായും ലഭിച്ചു എന്ന അനുമാനത്തിലാണ് ബോർഡിന്റെ അക്കൗണ്ട് തയ്യാറാക്കുന്നതും, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ബോർഡിന്റെ വരുമാന കമ്മി നിർണ്ണയിക്കുകയും ചെയ്യുന്നത്. ഇക്കാരണത്താൽ തന്നെ പിരിച്ചെടുക്കുന്നതിനുള്ള വൈദ്യുതി കുടിശ്ശിക മുഴുവനും വൈദ്യുതി ബോർഡിന് ലഭിച്ചു എന്ന് കണക്കാക്കിയ ശേഷമുള്ള വരുമാന കമ്മിയാണ് കമ്മീഷൻ അംഗീകരിക്കുന്നത്. ടി കമ്മി |

നികത്തുന്നതിനുള്ള അംഗീകാരമാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നൽകുന്നത്.

സെക്ഷൻ ഓഫീസർ

രൂപാ കോടി

| ക്രമ നമ്പർ | വിശദാംശങ്ങൾ | കെ.എസ്.ഇ.ബി 2013-14 വർഷത്തേയ്ക്ക് സമർപ്പിച്ച കണക്ക് | കമ്മീഷൻ അംഗീകരിച്ച കണക്ക് |
|---|---|---|---|
| | ചെലവുകൾ | | |
| 1 1 | വൈദ്യുതി ഉല്പാദന ചെലവ് | 410.04 | 207.77 |
| 2 2 | വൈദ്യുതി വാങ്ങുന്ന ചെലവ് | 6673.36 | 6380.74 |
| 3 3 | പലിശ | 588.42 | 465.37 |
| 4 | തേയ്മാന ചെലവ് | 435.84 | 371.45 |
| 5 | ജീവനക്കാരുടെ ശമ്പളം, പെൻഷൻ മുതലായവ | 2551.50 | 1803.81 |
| 6 | അറ്റകുറ്റ പണി | 304.56 | 216.11 |
| 7 | ഭരണ ചെലവ് | 244.12 | 94.97 |
| 8 | മറ്റ് ചെലവുകൾ | 19.50 | 19.50 |
| 9 | ആകെ ചെലവ് (എ) | 11227.34 | 9559.73 |
| | കുറയ്ക്കേണ്ടവ | | |
| 10 | മൂലധനത്തിലേയ്ക്ക് മാറ്റുന്ന ചെലവുകൾ | 168.24 | 168.24 |
| 11 | മൂലധനത്തിലേയ്ക്ക് മാറ്റുന്ന പലിശ | 62.71 | 62.71 |
| 12 | ആകെ ചെലവ് (ബി) | 10,996.39 | 9,328.78 |
| 13 | നിയമാനുസൃതമായ ലാഭവിഹിതം (സി) | 240.72 | 217.42 |
| 14 | ആവശ്യമുള്ള മൊത്ത ചെലവ് (ഡി) | 11237.11 | 9546.20 |
| | വരുമാനം | | |
| 15 | മറ്റ് വരുമാനം | 333.20 | 355.25 |
| 16 | വൈദ്യുതി വിൽപ്പനയിൽ നിന്നുള്ള വരുമാനം | | |
| | (എ) സംസ്ഥാനത്തിനകത്തുള്ള വിൽപ്പന | 8000.69 | 7996.49 |
| | (ബി) ഇന്ധന സർചാർജ്ജ് | | |
| | (സി) വൈദ്യുതി നിയന്ത്രണത്തിന് മുകളിലുള്ള ഉപയോഗത്തിൽ നിന്നുള്ള അധിക വരുമാനം | 144.55 | 144.55 |
| 17 | ആകെ പ്രതീക്ഷിക്കുന്ന വരുമാനം (ഇ) | 8478.44 | 8496.29 |
| 18 | വരുമാന കമ്മി (എഫ്) ൃ (ഇ) – (ഡി) | 2758.67 | 1049.41 |

സെക്ഷൻ ഓഫീസർ